"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം - വിദ്യാർത്ഥികളുടെ യോഗ്യതയിൽ 'ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദ)' കൂടി ഉൾപെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1074/2024/LSGD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.2058/2023/LSGD; തീയതി 19.10.2023
3. നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 04.01.2024ലെ NAM/293/2022-A3 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-നു നടന്ന യോഗത്തിന്റെ തീരുമാനം 3.1

**<u>ഉത്തരവ്</u>**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നേടുന്നതിനായി പ്രവൃത്തി പരിചയം നേടുന്നതിന് സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം നൽകാനും പരിശീലന കാലഘട്ടത്തിൽ സ്റ്റൈപന്റ് നൽകാനും പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.2.22 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുണ്ട്. ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, ഐ.റ്റി.ഐ, എം.എൽ.റ്റി, ഫാർമസി, റേഡിയോഗ്രാഫർ തുടങ്ങിയ പാരാമെഡിക്കൽ യോഗ്യത, പോളിടെക്നിക്, അംഗീകൃത തെറാപ്പിസ്റ്റുകൾ, എഞ്ചിനീയറിംഗ്, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് എന്നീ യോഗ്യതയുള്ളവർക്കൊപ്പം ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവർക്കുമാണ് പരിശീലനത്തിന് സ്റ്റൈപ്പന്റ് നൽകാവുന്നതാണ്. മേൽ പറഞ്ഞ കോഴ്സുകൾക്കൊപ്പം നാലു വർഷം ദൈർഘ്യമുള്ള ബി.എസ്.സി. നേഴ്സിംഗ് (ആയുർവേദ) പാസ്സായവരെയും സർക്കാർ ആശുപത്രികളിൽ ആയുർവേദ നേഴ്സിംഗ് പരിശീലനത്തിന് നിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. ഇവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പരിശീലന കാലയളവിൽ പ്രതിമാസം 10,000 രൂപ സ്റ്റൈപന്റ് നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

2. മേൽ പ്രകാരം പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 7.2.22 ഭേദഗതി ചെയ്യുന്നു. മേൽ ഭേദഗതിയോടെ പരാമർശിത മാർഗ്ഗരേഖ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
8. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-06-2024 17:06:49

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്